# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 26.03.2025 മുതൽ 30.03.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 12/2025 (24) ചൊവ്വാഴ്ച | തീയ്യതി 25/03/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 26.03.2025 | 27.03.2025 | 28.03.2025 | 29.03.2025 | 30.03.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.2 | 0.1 | 0.1 | 0.2 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 6 | 12 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 290 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 8 | 8 | 8 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. 2025 മാർച്ച് 25 മുതൽ 27 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴ ഉണ്ടാകാൻ സാധ്യതയുണ്ട്.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് - പുഞ്ച | ചാഴി | മത്തി-ശർക്കരമിശ്രിതം 6 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക, കൈറ്റിൻ അധിഷ്ഠിതസ്യൂഡോമോണാസ് 20 ഗ്രാംഒരുലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. |
| പച്ചക്കറികൾ | മണ്ഡരി | ആരംഭത്തിൽ വേപ്പെണ്ണ - വെളുത്തുള്ളിമിശ്രിതം (20 മി.ലി. വേപ്പെണ്ണ, 20 ഗ്രാംവെളുത്തുള്ളി അരച്ചത്,5 ഗ്രാംസോപ്പ്ഒരുലിറ്റർ വെള്ളത്തിന്) അല്ലെങ്കിൽ ഒരുശതമാനം അസാഡിറാക്ടിൻ (10 മി.ലി. ഒരുലിറ്റർ വെള്ളത്തിന്) തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 22.9 SC ഒരുമി.ലി. ഒരുലിറ്റർ വെള്ളത്തിന് അല്ലെങ്കിൽ ഫെനസാക്വിൻ 0 EC 2.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കുക. |
| വാഴ | സിഗെറ്റോകഇലപ്പുള്ളിരോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോമിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക. |
| തെങ്ങ് | കൊമ്പൻ ചെല്ലി | ചെല്ലിയെ പ്രതിരോധിക്കാൻ അതിന്റെ പ്രജനനം തടയുന്നതിനായി ചാണകക്കുഴികളിലും മറ്റുളക്കുഴികളിലും മെറ്റാറൈസിയം 250 ഗ്രാം 750 മി.ലി. വെള്ളത്തിൽ കലക്കി ഒഴിച്ച്കൊടുക്കുക. കൂടാതെ പെരുവലത്തിൻറ്റെ ഇലകൾ ഇട്ടുകയും ചെയ്യാം. |
| മാവ് | കായീച്ച | കൊഴിഞ്ഞുവീഴുന്നകായ്കൾ ഉടനെപെറുക്കിനശിപ്പിക്കുക. ഒരുഏക്കറിന് 6 ഫിറമോൺ കെണികൾ (മീതൈൽ യൂജിനോൾ കെണികൾ) വീതംവെക്കുക. മരത്തിന്റെതടത്തിനുചുറ്റുംഇടയ്ക്കിടെകിളച്ചുകൊടുക്കുക. |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്ക എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS KVASU, Mannuthy)